# കേരള സർവകലാശാല

നം.പി.ആർ.206/2018 ഫോൺ : 2305994

## പത്രക്കുറിപ്പ്

### പ്രാക്ടിക്കൽ ടൈംടേബിൾ

വിദൂര വിദ്യാഭ്യാസ വിഭാഗം 2018 ജൂലൈ/ആഗസ്റ്റിൽ നടത്തിയ ഒന്നും രണ്ടും സെമസ്റ്റർ ബി.എസ്.സി (സി.എസ്)/ബി.സി.എ ഡിഗ്രി പരീക്ഷകളുടെ പ്രാക്ടിക്കൽ പരീക്ഷകൾ സെപ്റ്റംബർ 24 മുതൽ ഒക്ടോബർ 12 വരെ വിവധ സെന്ററുകളിൽ നടത്തുന്നതായിരിക്കും.

ഒന്നാം സെമസ്റ്ററിലെ പ്രോഗ്രാമിംഗ് ലാബ് I (ബി.എസ്.സി (സി.എസ്)/ബി.സി.എ), പി.സി സോഫ്റ്റ് വെയർ ലാബ് (ബി.സി.എ), രണ്ടാം സെമസ്റ്ററിലെ പ്രോഗ്രാമിംഗ് ലാബ് II, ഡാറ്റാ സ്ട്രക്ച്ചേഴ്സ് ലാബ് (ബി.എസ്.സി (സി.എസ്)/ബി.സി.എ) എന്നീ പരീക്ഷകൾ പാളയം എസ്.ഡി.ഇ സെന്ററിൽ വച്ചും ഒന്നാം സെമസ്റ്ററിലെ ഡിജിറ്റൽ ഇലക്ട്രോണിക്സ് ലാബ് (ബി.എസ്.സി (സി.എസ്)) പരീക്ഷയ്ക്ക് തിരുവനന്തപുരം ആർട്സ് കോളേജിലും കൊല്ലം, ആലപ്പുഴ എന്നീ ജില്ലകളിൽ പരീക്ഷ എഴുതിയ വിദ്യാർത്ഥികൾ തിരുവനന്തപുരം യു.ഐ.റ്റി കുറവൻകോണം സെന്ററിൽ സെപ്റ്റംബർ 28, ഒക്ടോബർ 1 എന്നീ തീയതികളിൽ ഡിജിറ്റൽ ഇലക്ട്രോണിക്സ് ലാബ് പരീക്ഷയ്ക്ക് ഹാജരാകണം. പാളയം എസ്.ഡി.ഇ സെന്ററിൽ പരീക്ഷ എഴുതിയ വിദ്യാർത്ഥികൾ യൂണിവേഴ്സിറ്റി കോളേജ് ഓഫ് എഞ്ചിനീയറിംഗ് കാര്യവട്ടം സെന്ററിൽ സെപ്റ്റംബർ 28, ഒക്ടോബർ 1 എന്നീ തീയതികളിൽ ഡിജിറ്റൽ ഇലക്ട്രോണിക്സ് ലാബ് പരീക്ഷയ്ക്ക് ഹാജരാകേണ്ടതാണ്.

പ്രാക്ടിക്കൽ പരീക്ഷകളുടെ വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ.

### ഫങ്ഷണൽ മലയാളം സർട്ടിഫിക്കറ്റ് കോഴ്സ്

സർവകലാശാലയുടെ ലിംഗ്വിസ്റ്റിക്സ് ഡിപ്പാർട്ട്മെന്റ് നടത്തുന്ന 3 മാസത്തെ ഫങ്ഷണൽ മലയാളം സർട്ടിഫിക്കറ്റ് കോഴ്സിന് (ഈവനിംഗ്) ഒക്ടോബർ 5 വരെ അപേക്ഷിക്കാം. സ്കൂൾ, കോളേജ് തലങ്ങളിൽ മലയാളം പഠിച്ചിട്ടില്ലാത്തവർക്കും യൂണിവേഴ്സിറ്റിയിൽ ഉപരിപഠനം നടത്തുന്ന അന്യഭാഷാ വിദ്യാർത്ഥികൾക്കും മലയാള ഭാഷ കൈകാര്യം ചെയ്യാൻ ആഗ്രഹിക്കുന്ന പ്രൊഫഷണലുകൾക്കും വേണ്ടി നടത്തുന്ന ഈ കോഴ്സിന് പ്ലസ്ടുവാണ് അടിസ്ഥാന യോഗ്യത. അപേക്ഷാഫോറം കാര്യവട്ടം ക്യാമ്പസിലെ ലിംഗ്വിസ്റ്റിക്സ് ഡിപ്പാർട്ട്മെന്റിൽ നിന്നും നേരിട്ടും യൂണിവേഴ്സിറ്റി വെബ്സൈറ്റിലും ലഭ്യമാണ്. ക്ലാസുകൾ ഒക്ടോബർ 10 ന് ആരംഭിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് ലിംഗ്വിസ്റ്റിക്സ് ഡിപ്പാർട്ട്മെന്റുമായി ബന്ധപ്പെടുക. (ഫോൺ: 0471 – 2308469, 9947539589)

തിരുവനന്തപുരം.
17.09.2018

പബ്ലിക് റിലേഷൻസ് ഓഫീസർ

e-mail: ku.release@gmail.com website: www.keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300
(from mobile) 0471-2115054 and 0471-2115098